കൊച്ചി നഗരസഭയെ പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും കർമ്മപരിപാടി തയ്യാറാക്കിയിട്ടില്ല.

(സി) നഗരസഭകളുടെ അനുമതിയോടെ സംസ്ഥാനതല നോഡൽ ഏജൻസിക്ക് സമർപ്പിച്ച കർമ്മ പരിപാടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല സാങ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതിയോടെ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് 160.77 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 86 വീടുകളുടെ നിർമ്മാണം പൂർത്തിയായി. 325 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയുള്ളവ പ്രാരംഭഘട്ടത്തിലാണ്.

രാജീവ് ആവാസ് യോജന പദ്ധതിക്ക് പകരം പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രഖ്യാപിച്ച സാഹചര്യത്തിൽ ചേരിരഹിത നഗരാസൂത്രണ പദ്ധതി ഹൗസിംഗ് ഫോർ ആൾ പ്ലാൻ ഓഫ് ആക്ഷനുമായി സംയോജിപ്പിക്കുവാൻ കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം നിർദ്ദേശിക്കുന്നു.

## ന്യൂനപക്ഷ വിഭാഗ സ്ത്രീശാക്തീകരണം

113 (3316) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാനും തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിനുമായി പദ്ധതി പ്രഖ്യാപിച്ചിരുന്നോ; 2012-13 ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയ തുക, അനുവദിച്ച തുക, ഈ ഇനത്തിൽ ട്രഷറിയിൽ മിച്ചമുള്ള തുക എന്നിവയുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി തുടർന്നുള്ള ഓരോ ബഡ്ജറ്റിലും അനുവദിച്ച തുക എത്രയെന്നും ട്രഷറിയിൽ നിന്നും പിൻവലിക്കാത്ത തുക എത്രയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ;

(സി) ജില്ലാടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിപ്രകാരം എത്ര സ്വയം സഹായ സംഘങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്; എത്ര പേർക്ക് തൊഴിൽ പരിശീലനം നൽകി; എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എഴുപത് ശതമാനമെങ്കിലും ന്യൂനപക്ഷ വനിതകൾ അംഗങ്ങളായ സ്വയംസഹായ സംഘങ്ങൾ സമർപ്പിക്കുന്ന സ്ഥിര വരുമാന സാധ്യതയുള്ള പദ്ധതികൾക്ക് പദ്ധതി ചെലവിന്റെ നേർ പകുതിയോ പരമാവധി രണ്ടരലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക സഹായം നൽകുന്ന പദ്ധതി 2012-13 ധനകാര്യ വർഷം നടപ്പാക്കിയിരുന്നു.

ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് ഒരു കോടി രൂപ 93,90,625 രൂപ ന്യൂനപക്ഷ ക്ഷേമവകുപ്പ് ഡയറക്ടറേറ്റ് അനുവദിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗ്രൂപ്പുകൾ യഥാസമയം സംരംഭം തുടങ്ങാത്തതിനാൽ അവർക്ക് സബ്സിഡിയായി അനുവദിച്ച 21,65,622 രൂപ തിരിച്ചടച്ചിട്ടുണ്ട്. ട്രഷറിയിൽ തുകയൊന്നും മിച്ചമില്ല.

(ബി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഈ പദ്ധതിക്കായി തുക അനുവദിച്ചിരുന്നില്ല.

(സി) വകുപ്പിന് കീഴിൽ സ്വയംസഹായ സംഘങ്ങളോ തൊഴിൽ പരിശീലന കേന്ദ്രങ്ങളോ ആരംഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തൊട്ടാകെ 46 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. കുടുംബശ്രീ മുഖാന്തരമാണ് പരിശീലനം നൽകിയിരുന്നത്. ഇതുവഴി 365 പേർക്ക് പരിശീലനം നൽകുകയും തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ**

114 (3317) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ബി) ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികൾ പ്രസ്തുത വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷൻ നാളിതുവരെ എത്ര പേർക്ക് ധനസഹായം നൽകി; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ഡി) ധനസഹായത്തിനായി എത്ര അപേക്ഷകൾ നിലവിൽ പെന്റിംഗ് ഉണ്ട്; അവർക്കെല്ലാം ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ കഴിയുമോ; വിശദാംശം ലഭ്യമാക്കുമോ?